പത്രക്കുറിപ്പ്
30/11/2018

## നഗരങ്ങളിൽ രണ്ടായിരത്തിലേറെ പുതിയ അയൽക്കൂട്ടങ്ങൾ, 585 പുതിയ സംരംഭങ്ങൾ: സ്പർശം ക്യാമ്പെയ്ൻ ഫലപ്രദമാകുന്നു

തിരുവനന്തപുരം: നഗരപ്രദേശങ്ങളിൽ കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്താനും അർഹരായ എല്ലാവരിലേക്കും എത്തിക്കുന്നതും ലക്ഷ്യമിട്ട് ആരംഭിച്ച സ്പർശം ക്യാമ്പെയ്ൻ വഴി ഫലപ്രദമായ ഇടപെടലുകൾ പുരോഗമിക്കുന്നു. ക്യാമ്പെയ്ൻ വഴി ലഭിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി ഇതുവരെ നഗരപ്രദേശത്ത് പുതിയ 2529 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. 585 പുതിയ സംരംഭങ്ങളും രൂപീകരിച്ചു.

### സ്പർശം ക്യാമ്പെയ്ൻ

87 മുനിസിപ്പാലിറ്റികളും ആറ് കോർപ്പറേഷനുകളും ഉൾപ്പെടെ 93 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (യുഎൽബി- അർബൻ ലോക്കൽ ബോഡീസ്) കുടുംബശ്രീയും സംയുക്തമായാണ് 2018 ഫെബ്രുവരി 20 മുതൽ മാർച്ച് 19 സ്പർശം ക്യാമ്പെയ്ൻ നടത്തിയത്. നഗരപ്രദേശങ്ങളിൽ കുടുംബശ്രീയിൽ അംഗമല്ലാത്ത അർഹരായവർ, നിർജ്ജീവമായ അയൽക്കൂട്ടങ്ങൾ, ബാങ്ക് വായ്പ്പ ലഭ്യമാകാത്ത അയൽക്കൂട്ടങ്ങൾ, ഗ്രേഡിങ് പൂർത്തിയാക്കാത്ത അയൽക്കൂട്ടങ്ങൾ, തൊഴിൽ നൈപുണ്യ പരിശീലനം ആവശ്യമുള്ളവർ, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താത്പര്യമുള്ളവർ എന്നിവരെ കണ്ടെത്തുക, എൻയുഎൽഎം (ദേശീയ നഗര ഉപജീവന ദൗത്യം), പിഎംഎവൈ (പ്രധാനമന്ത്രി ആവാസ് യോജന) തുടങ്ങിയ നഗരകേന്ദ്രീകൃത പദ്ധതികളെക്കുറിച്ച് അയൽക്കൂട്ടാംഗങ്ങൾക്ക് ബോധവത്ക്കരണം നൽകുക, എൻയുഎൽഎം, എസ്ജെഎസ്ആർവൈ (സ്വർണ്ണ ജയന്തി ഷെഹരി റോസ്ഗാർ യോജന) തുടങ്ങിയ പദ്ധതികൾ അനുസരിച്ച് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചവർക്ക് ടെക്നോളജി ഫണ്ട്, റിവോൾവിങ് ഫണ്ട് തുടങ്ങി കുടുംബശ്രീയുടെ  കൂടുതൽ പിന്തുണാ സഹായങ്ങളെക്കുറിച്ച് അറിവ് പകരുക, വരും വർഷങ്ങളിൽ ആവശ്യം അനുസരിച്ച് വാർഷിക പദ്ധതി തയാറാക്കുക, നഗര പ്രദേശങ്ങളിലെ പദ്ധതി നിർവ്വഹണത്തിന് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുക എന്നിവയായിരുന്നു സ്പർശം ക്യാമ്പെയ്ൻ ലക്ഷ്യമിട്ടിരുന്നത്.

കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പിഎംഎവൈ, ദേശീയ നഗര ഉപജീവന ദൗത്യം എന്നിവയുടെ കീഴിലുള്ള 60 സിറ്റി മിഷൻ മാനേജർമാർ, 70 സിറ്റി ടെക്നിക്കൽ സെൽ മാനേജർമാർ, 93 മൾട്ടി ടാസ്ക് പേഴ്സൺമാർ, നൂറോളം കമ്മ്യൂണിറ്റി ഓർഗനൈസർമാർ, കൂടാതെ ജില്ലാ മിഷൻ കോർഡിനേറ്റർമാർ, അസിസ്റ്റ് കോർഡിനേറ്റർമാർ, നഗരസഭാ സെക്രട്ടറിമാർ, പ്രോജക്ട് ഓഫീസർമാർ, സിഡിഎസ് ചെയർപേഴ്സൺമാർ എന്നിവർ സ്പർശം ക്യാമ്പെയ്ൻ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. സംസ്ഥാനതല ശിൽപ്പശാല, പ്രത്യേക കൗൺസിൽ യോഗങ്ങൾ, എഡിഎസ്, പ്രത്യേക അയൽക്കൂട്ടതല യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചാണ് വിവരശേഖരണം നടത്തിയത്.

### പുതു അയൽക്കൂട്ടങ്ങളും സൂക്ഷ്മ സംരംഭങ്ങളും

സ്പർശം ക്യാമ്പെയ്ൻ വഴിയുള്ള വിവരങ്ങൾ അടിസ്ഥാനമാക്കി 2529 പുതിയ അയൽക്കൂട്ടങ്ങളാണ് നഗരപ്രദേശങ്ങളിൽ രൂപീകരിച്ചത്. ഇതുവഴി 32946 നഗരദരിദ്രരെ കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു. ഇത് കൂടാതെ  2238 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ട് ഇനത്തിൽ 10000 രൂപ വീതവും നൽകി. പ്രവർത്തനരഹിതമായ 497 അയൽക്കൂട്ടങ്ങൾ വീണ്ടും സജീവമാക്കുന്നതിനും ഇതുവരെ കഴിഞ്ഞിട്ടുണ്ട്. എൻയുഎൽഎമ്മിന് കീഴിൽ രൂപീക

രിച്ച 4359 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വഴി വായ്പ സഹായം എത്തിക്കാനും കഴിഞ്ഞു. അതേസമയം 585 പുതിയ സ്വയം തൊഴിൽ സംരംഭങ്ങളും ആരംഭിച്ചു കഴിഞ്ഞു. 1743 പേർക്ക് തൊഴിൽ നൈപുണ്യ പരിശീലനവും നൽകി.

2018-19 സാമ്പത്തിക വർഷത്തോടെ അർഹരായ മുഴുവൻ വ്യക്തികളെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും സഹായം ലഭ്യമാക്കുന്നതിനും നൂതന മാർഗ്ഗം അവലംബിക്കുന്നതിന് കുടുംബശ്രീ തീരുമാനിച്ചിട്ടുണ്ട്. അർഹരായ എല്ലാവരെയും അയൽക്കൂട്ട അംഗങ്ങളാക്കുക, എല്ലാ അയൽക്കൂട്ടങ്ങൾക്കും ഗ്രേഡിങ് നൽകുക. എല്ലാ അയൽക്കൂട്ടങ്ങളും ബാങ്ക് ലിങ്കേജ് ചെയ്യുക, പ്രവർത്തനരഹിതമായ എല്ലാ അയൽക്കുട്ടങ്ങളെയും സജീവമാക്കുക- ഇത്തരത്തിൽ കുടുംബശ്രീയുടെ സംഘടനാ സംവിധാനം 100 ശതമാനവും പ്രവർത്തന സജ്ജമാക്കി നഗരദരിദ്രരെ മുഴുവൻ സംരക്ഷണവലയത്തിലാക്കുക എന്ന ലക്ഷ്യമാണ് പൂർണ്ണതയിലേക്ക് എത്തുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ<br>കുടുംബശ്രീ